**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3491** **14-07-2022 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാലയ്ക്ക് എ പ്ലസ് നാക് അക്രഡിറ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകനിലവാരത്തിൽ എത്തിക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകനിലവാരത്തിൽ എത്തിക്കുകയെന്ന ലക്ഷ്യത്തിൻറെ ഭാഗമായി ചുവടെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:<br>1. കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ (കാൽനെറ്റ്) വികസനത്തിന്<br>2. ഇ-ജേർണൽ കൺസോർഷ്യം<br>3. ഡിജികോൾ<br>4. ഓൺലൈൻ ഡിജിറ്റൽ ശേഖരം<br>5. ഉന്നത വിദ്യാഭ്യാസ സർവ്വേ<br>6. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)<br>7. അദ്ധ്യാപക പരിശീലന പദ്ധതി<br>8. സ്റ്റേറ്റ് അസസ്മെൻറ് ആൻറ് അക്രഡിറ്റേഷൻ സെൻറർ (SAAC)<br>9. ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)<br>10. കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി (കാസർകോട്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ പുതിയ ക്ലസ്റ്റർ)<br>11. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം<br>12. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.<br><br>വൈജ്ഞാനിക മേഖലയിൽ കുതിച്ചു ചാട്ടം ഉണ്ടാക്കുന്നതിനായി കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂ ജനറേഷൻ കോഴ്സുകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ കോളേജുകൾ ട്രെയിനിങ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമ്മിച്ച് നൽകിയിട്ടുണ്ട്. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ക്ലാസുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ലാസുകളും സ്മാർട്ട് ക്ലാസ് റൂം ആക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ലാസുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി കേരള സർവകലാശാലയ്ക്ക് നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ എ പ്ലസ് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കേരള സർവകലാശാലയ്ക്ക് നാഷണൽ അസസ്മെൻറ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അക്രഡിറ്റേഷൻ പ്രക്രിയയുടെ മൂന്നാം സൈക്കിളിൽ എ പ്ലസ് പ്ലസ് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. 21.06.2022 നാണ് ഈ ഗ്രേഡ് കേരള സർവകലാശാലയ്ക്ക് ലഭിച്ചത്. |
| (സി) | മികച്ച അക്രഡിറ്റേഷൻ ലഭിച്ചതോടെ കേരള സർവകലാശാലയ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | മികച്ച അക്രഡിറ്റേഷൻ ലഭിച്ചതോടെ യു.ജി.സി. നടപ്പിലാക്കുന്ന വിവിധ ഫണ്ടിംഗ് പദ്ധതികളിലേക്ക് അപേക്ഷിക്കാനും പ്രൊപ്പോസലുകൾ നൽകാനും, കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും സർവ്വകലാശാലയ്ക്ക് കൂടുതൽ ഫണ്ട് ലഭിക്കാനുമുള്ള സാധ്യത വർധിക്കും. കൂടാതെ, കേരള സർവകലാശാലയിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉന്നത വിദ്യാഭ്യാസത്തിനും, ഗവേഷകർക്ക് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ലഭിക്കാനും, ഗവേഷണ പ്രോജക്ടുകൾ ലഭിക്കാനുമുള്ള സാധ്യതയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകും. |
| (ഡി) | കേരള സർവകലാശാലയിൽ നിന്നുള്ള ബിരുദത്തോടുകൂടി ഉന്നത വിദ്യാഭ്യാസത്തിന് പോകുന്ന കുട്ടികൾക്ക് പ്രസ്തുത അക്രഡിറ്റേഷൻ മൂലം എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | (സി)യിൽ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ